# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1560 13.07.11-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം<br><br>ശ്രീ.ജി.സുധാകരൻ | | അന്തിമ മറുപടി<br><br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
|---|---|---|
| (എ) | പഞ്ചായത്തുകളിലെ ഗ്രാമീണ റോഡുകൾ മിക്കവയും ദീർഘ കാലമായി പുനരുദ്ധാരണ നടപടികൾ ഇല്ലാതെ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |
| (ബി) | ഇതുമൂലം ജനങ്ങൾക്ക് ദീർഘ കാലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | ഉണ്ട്. ഗ്രാമപഞ്ചായത്തുകൾ പദ്ധതികളിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം നടപ്പിലാക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് എത്ര ഗ്രാമീണ റോഡുകളാണുള്ളത്; അവയുടെ ദൈർഘ്യം എത്രയാണ്; അവയിൽ പൂർണ്ണമായോ ഭാഗികമായോ തകർന്നു കിടക്കുന്ന റോഡുകൾ എത്രയാണ്; അവയുടെ ദൈർഘ്യമെത്രയാണെന്ന് വിശദമാക്കാമോ; | സംസ്ഥാനത്ത് 85802 ഗ്രാമീണ റോഡുകളുണ്ട്. അവയടെ മൊത്തം ദൈർഘ്യം 120503.47 കി.മീറ്ററാണ്. അവയിൽ 25164 റോഡുകൾ തകർന്നിട്ടുണ്ട്. അവയുടെ ദൈർഘ്യം 39821.96 ആണ്. |
| (ഡി) | നിലവിൽ ഗ്രാമീണ റോഡുകൾ നന്നാക്കാൻ പഞ്ചായത്ത്രാജ് സംവിധാനത്തിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; കൂടുതൽ തുക നടപ്പു വർഷം വകയിരുത്തുമോ; | 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഗ്രാമപഞ്ചായത്തുകളുടെ റോഡ് സംരക്ഷണത്തിന് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 296,32,26,000 അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ആലപ്പുഴ ജില്ലയിലെ ഗ്രാമീണ റോഡുകൾ എത്രയാണ്; അവയുടെ ദൈർഘ്യമെത്ര; അവയിൽ പൂർണ്ണമായോ ഭാഗികമായോ തകർന്നു കിടക്കുന്ന റോഡുകൾ എത്രയാണ്; അവയുടെ ദൈർഘ്യം എത്രയാണ്; | ആലപ്പുഴ ജില്ലയിൽ 8896 എണ്ണം ഗ്രാമീണ റോഡുകളുണ്ട്. അവയുടെ ദൈർഘ്യം 5971.37 കി.മീറ്ററാണ്. 3796 റോഡുകൾ തകർന്നു കിടക്കുന്നു. അവയുടെ ദൈർഘ്യം 2508.71 കി.മീറ്ററാണ്. |
| (എഫ്) | അമ്പലപ്പുഴ മണ്ഡലത്തിലെ അഞ്ചു പഞ്ചായത്തുകളായ പുന്നപ്രവടക്ക്, പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക്. പുറക്കാട് എന്നിവിടങ്ങളിൽ ഓരോന്നിലും ഉള്ള ഗ്രാമീണ റോഡുകളുടെ എണ്ണവും ദൈർഘ്യവും വ്യക്തമാക്കുമോ; അവ ഓരോന്നിലും | അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| | പൂർണ്ണമായോ, ഭാഗികമായോ തകർന്നു കിടക്കുന്ന റോഡുകളുടെ എണ്ണവും ദൈർഘ്യവും വ്യക്ത മാക്കുമോ? | |
| (ജി) | ഗ്രാമീണ റോഡുകൾ പുനരു ദ്ധരിക്കാൻ വ്യക്തമായ പദ്ധതി കളുണ്ടോ; ഇല്ലെങ്കിൽ വ്യക്തമായ പദ്ധതികൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ? | ഉണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ഗ്രാമപഞ്ചായത്ത് | ഗ്രാമീണറോഡുകളുടെ എണ്ണം | ദൈർഘ്യം | പൂർണ്ണമായോ ഭാഗികമായോ തകർന്നു കിടക്കുന്ന റോഡുകൾ | ദൈർഘ്യം |
|---|---|---|---|---|
| പുന്നപ്ര വടക്ക് | 136 | 68 കി.മി | 45 | 20 കി.മി |
| പുന്നപ്ര തെക്ക് | 178 | 19.45 കി.മി | 32 | 4.5 കി.മി |
| അമ്പലപ്പുഴ വടക്ക് | 77 | 91.78 കി.മി | 64 | 72.78 കി.മി |
| അമ്പലപ്പുഴ തെക്ക് | 96 | 110.423 കി.മി | 67 | 84 കി.മി |
| പുറക്കാട് | 204 | 72.005 കി.മി | 37 | 13.45 കി.മി |

സെക്ഷൻ ഓഫീസർ